**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4932** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കന്ററി പുസ്തകങ്ങളുടെ അച്ചടിയും പ്രസിദ്ധീകരണവും വിതരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്ലസ് വൺ, പ്ലസ് ടൂ ക്ലാസുകളിലേക്കുള്ള പുസ്തകങ്ങളുടെ അച്ചടിയും പ്രസിദ്ധീകരണവും വിതരണവും നിർവഹിക്കുന്നതിന് കാലിക്കറ്റ് സർവ്വകലാശാല സെൻട്രൽ കോപ്പറേറ്റീവ് സ്റ്റോറിന് കരാർ അനുവദിച്ച് നൽകിയിട്ടുണ്ടോ; | (എ) | **ഉണ്ട്. എസ്.സി.ഇ.ആർ.ടി മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയ ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തി 01/02/2021 -ലെ സ.ഉ(സാ.ധാ)നമ്പർ 885/2021/പൊ.വി.വ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി ഡയറക്ടർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് സെക്രട്ടറി എന്നിവർ ചേർന്ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പ്രവൃത്തിക്കായി ഓപ്പൺ ടെൻഡർ വിളിച്ചിരുന്നോ; എങ്കിൽ ഏതെല്ലാം പത്രങ്ങളിൽ ഏതെല്ലാം ദിവസങ്ങളിലാണ് പരസ്യം നൽകിയതെന്ന് വ്യക്തമാക്കുമോ; | (ബി) | ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ഓപ്പൺ ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ പേരും മേൽവിലാസവും വ്യക്തമാക്കുമോ; | (സി) | ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) | 06.01.2022 -ലെ സർക്കാർ ഉത്തരവ് പ്രകാരം, പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള റോയൽറ്റി തുക 15 ശതമാനത്തിൽനിന്നും 5 ശതമാനമാക്കി കുറച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം കുറയ്ക്കുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; | (ഡി) | 06/01/2022 തീയതിയിലെ 101/2022/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവിൽ റോയൽറ്റി തുക 15 % ൽ നിന്നും 5% ആക്കി പുനർ നിശ്ചയിച്ചിട്ടുണ്ട്. പാഠപുസ്തകങ്ങൾ പരമാവധി വിലകുറച്ച് വിദ്യാർത്ഥികൾക്കു ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ എസ്.സി.ഇ.ആർ.ടി ഡയറക്ടർ കൂടി അംഗമായ വിലനിർണ്ണയ സമിതിയുടെ ശുപാർശ പ്രകാരമാണ് റോയൽറ്റി തുക ഇപ്രകാരം കുറച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഇ) | പാഠ പുസ്തകങ്ങളുടെ അച്ചടിയ്ക്കും പ്രസിദ്ധീകരണത്തിനും വിതരണത്തിനും ടെൻഡർ നടപടിക്രമങ്ങൾ മറികടന്നുകൊണ്ടാണോ കാലിക്കറ്റ് സർവ്വകലാശാല സെൻട്രൽ കോപ്പറേറ്റീവ് സ്റ്റോറിന് കരാർ അനുവദിച്ച് നൽകിയത്; എങ്കിൽ ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഇ) | 01/02/2021 തീയതിയിലെ സ.ഉ(സാ.ധാ) നം.885/2021/പൊ.വി.വ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ചാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. എസ്.സി.ഇ.ആർ.ടി മലയാള പരിഭാഷ നിർവഹിച്ച ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇന്റന്റ് ശേഖരിച്ചപ്പോൾ വളരെക്കുറച്ച് മാത്രമാണ് ലഭ്യമായത്. ഹയർസെക്കന്ററി ഇംഗ്ലീഷ് ടൈറ്റിലുകൾ പ്രിന്റു ചെയ്യുന്ന സി-ആപ്റ്റ്, പ്രസ്തുത ഇന്റന്റ് അടിസ്ഥാനപ്പെടുത്തി തയ്യാറാക്കി നൽകിയ പുസ്തക വിലകൾ പരിശോധിച്ചപ്പോൾ ഇംഗ്ലീഷ് ടൈറ്റിലുകളെ അപേക്ഷിച്ച് വളരെയധികം വിലയീടാക്കേണ്ടി വരുമെന്നതിനാൽ മലയാളം ടൈറ്റിലുകൾ പ്രിന്റ് ചെയ്യുന്നത് പ്രതിസന്ധിയിലായിരുന്നു. മാത്രമല്ല സ്വകാര്യ പ്രസാധകർ വലിയവിലയ്ക്ക് മലയാളത്തിലുള്ള പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് കേരള ത്തിലങ്ങോളമിങ്ങോളം വിതരണം ചെയ്ത് ലാഭമുണ്ടാക്കു ന്നതിനാലാണ് ആവശ്യത്തിന് ഇന്റന്റ് ലഭിക്കാത്തതെന്നതും ശ്രദ്ധയിൽ പ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് പുസ്തകം പ്രിന്റ് ചെയ്ത് നൽകാമെന്ന നിർദ്ദേശവുമായി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ലിമിറ്റഡിന്റെ ശുപാർശ അംഗീകരിച്ച് സർക്കാർ അനുമതി നൽകിയത്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്-ഹയർസെക്കന്ററി പാഠപുസ്തകം - എസ്.സി.ആർ.ടി പരിഭാഷപ്പെടുത്തിയ 26 വിഷയങ്ങളിലെ 74 ടൈറ്റിലുകളിലുള്ള ഹയർസെക്കന്ററി വിഭാഗത്തിലെ പാഠപുസ്തകങ്ങളുടെ മലയാള തർജ്ജമ അച്ചടിച്ച് വിതരണം നടത്തുന്നതിന് കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

**സ.ഉ.(സാധാ) നം.885/2021/പൊ.വി.വ** തീയതി,തിരുവനന്തപുരം, 01/02/2021

---

പരാമർശം:- 1 കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ സെക്രട്ടറിയുടെ 26/09/2020ലെ കത്ത്.

2 പൊതു വിദ്യാഭ്യാസ (ഹയർസെക്കന്ററിവിഭാഗം) ഡയറക്ടറുടെ 29/12/2020 ലെ എസിഡിഎസ്.പി.സി (1)/188941/2020/എച്ച്.എസ്.ഇ നമ്പർ കത്തും യോഗനടപടികുറിപ്പും.

3 എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ 19/01/2021 ലെ പ്രോഗ്രാം1/299/എസ്.സി.ഇ.ആർ.ടി. നമ്പർ കത്ത്

<u>ഉത്തരവ്</u>

ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ മലയാളത്തിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചതിൻ പ്രകാരം 26 വിഷയങ്ങളിലായി 74 ടൈറ്റിലുകളിലുള്ള ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി പരിഭാഷപ്പെടുത്തി വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളതാണ്. എന്നാൽ വിവിധ കാരണങ്ങളാൽ നാളിതുവരെയായി പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. ടി ഹയർസെക്കന്ററി പാഠപുസ്തകങ്ങളുടെ മലയാള തർജ്ജമ അച്ചടിച്ച്, സർക്കാർ നിശ്ചയിക്കുന്ന വിലയും മറ്റ് വ്യവസ്ഥകളും കൃത്യമായി പാലിച്ചുകൊണ്ട് വിൽപ്പന നടത്താൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാരിൽ കത്ത് സമർപ്പിച്ചിരുന്നു.

2) പ്രസ്തുത വിഷയത്തിൽ വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിനായി സർക്കാരിൽ നിന്നും പൊതുവിദ്യാഭ്യാസ (ഹയർസെക്കന്ററി വിഭാഗം) ഡയറക്ടർക്കും, എസ്.സിഇ.ആർ.ടി ഡയറക്ടർക്കും നൽകിയ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ വിഭാഗം ഉദ്യോഗസ്ഥർ, പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (അക്കാദമിക്) എന്നിവർ യോഗം ചേരുകയും, പ്രസ്തുത യോഗത്തിന്റെ നടപടികുറിപ്പ് സഹിതം പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറും, പരാമർശം (3) പ്രകാരം എസ്.സി.ഇ.ആർ.ടി. ഡയറക്ടറും ശിപാർശ ചെയ്ത് സർക്കാരിലേക്ക് സമർപ്പിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകളോടെ 26 വിഷയങ്ങളിലായി 74 ടൈറ്റിലുകളിലുള്ള ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. പരിഭാഷപെടുത്തി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച മലയാള തർജ്ജമ

പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് "ദി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർസ് ലിമിറ്റഡ്" നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(i) മലയാള തർജ്ജമ പാഠപുസ്തകങ്ങളുടെ വില നിർണ്ണയം നടത്തുന്നതിന് പ്രത്യേകം സമിതി സർക്കാർ അനുമതിയോടെ രൂപീകരിക്കേണ്ടതാണ്. പ്രസ്തുത സമിതി നിർണ്ണയിക്കുന്ന വില സർക്കാർ അംഗീകാരത്തിനു വിധേയമായി മാത്രമേ പാഠപുസ്തക വിലയായി ഈടാക്കാൻ പാടുള്ളൂ.

(ii) പാഠപുസ്തകത്തിന്റെ പ്രിന്റിംഗ് ക്വാളിറ്റി എസ്.സി.ഇ.ആർ.ടി., പൊതുവിദ്യാഭ്യാസ (ഹയർസെക്കന്ററി) വിഭാഗം എന്നിവർ നിർദ്ദേശിക്കുന്ന നിലവാരത്തിൽ പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്യേണ്ടതും, വിതരണം സ്വന്തം നിലയിൽ തന്നെ പൂർത്തിയാക്കേണ്ടതുമാണ്.

(iii) ആവശ്യമുള്ള പാഠപുസ്തകങ്ങളുടെ ഇൻഡന്റ് പൊതുവിദ്യാഭ്യാസ (ഹയർസെക്കന്ററി) വിഭാഗം ശേഖരിക്കേണ്ടതും ആയത് കൃത്യമായി ദി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോറിനെ അറിയിക്കേണ്ടതുമാണ്.

(iv) മലയാളത്തിൽ തർജ്ജമ ചെയ്ത പാഠപുസ്തകങ്ങളുടെ തുക ഈടാക്കുന്നതിന് നിലവിൽ സി-ആപ്റ്റ് പിന്തുടരുന്ന രീതി തന്നെ പാലിക്കേണ്ടതും, പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്നതും തുക ഈടാക്കുന്നതും സൊസൈറ്റിയും അതാത് പ്രിൻസിപ്പൽമാരും നേരിട്ട് തന്നെ നിർവഹിക്കേണ്ടതുമാണ്. ഇതിൽ വകുപ്പിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഉണ്ടായിരിക്കുന്നതുമല്ല.

(v) മലയാളത്തിൽ തർജ്ജമ ചെയ്ത് അച്ചടിക്കുന്ന പാഠപുസ്തകങ്ങൾക്ക് റോയൽറ്റി തുകയും, പരിഭാഷപ്പെടുത്തുന്നതിന് വന്ന ചെലവുകൾ നികത്തുന്ന തുകയും ചേർത്ത്, പാഠപുസ്തകങ്ങളുടെ 15% റോയൽറ്റിയും, ടി തുകയുടെ ജിഎസ്.ടിയും എസ്.സി.ആർ.ടി.ക്ക് ദി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർസ് നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ് ) കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം.
സെക്രട്ടറി, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർസ് ലിമിറ്റഡ് നം.4347, കോഴിക്കോട്
ധനകാര്യ വകുപ്പ്
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NAMITHA T
Date: 2021.02.02 10:35:56 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കന്ററി പാഠപുസ്തകം -എസ്.സി.ഇ.ആർ.ടി പരിഭാഷപ്പെടുത്തിയ 26 വിഷയങ്ങളിലെ 74 ടൈറ്റിലുകളിലുള്ള ഹയർസെക്കന്ററി വിഭാഗത്തിലെ പാഠപുസ്തകങ്ങളുടെ മലയാള തർജ്ജമ അച്ചടിച്ച് വിതരണം നടത്തുന്നതിന് കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തി പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

സ.ഉ.(സാധാ) നം.101/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 06/01/2022

---

പരാമർശം:-
1. സ.ഉ(സാധാ)നം.885/2021/പൊ.വി.വ തീയതി 01/02/2021
2. സ.ഉ(സാധാ)നം.2124/2021/പൊ.വി.വ തീയതി 9/03/2021
3. സ.ഉ(സാധാ)നം.4367/2021/പൊ.വി.വ തീയതി 01/10/2021
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10/12/2021 ലെ എ.സി.ഡി.എസ്.പി.സി.ഡി./188941/21/എച്ച്.എസ്.ഇ നമ്പർ കത്ത്

<u>ഉത്തരവ്</u>

ഔദ്യോഗികഭാഷാ ഉന്നതതല സമിതിയുടെ നിർദ്ദേശപ്രകാരം എസ്.സി.ഇ.ആർ.ടി മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയ ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിനായി "ദി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ലിമിറ്റഡ്" എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് പരിഭാഷപ്പെടുത്തിയ പാഠപുസ്തകങ്ങളുടെ വില നിർണ്ണയിക്കുന്നതിനായി പരാമർശം (2) പ്രകാരം വിലനിർണ്ണയ സമിതി രൂപീകരിച്ച് ഉത്തരവാകുകയും ചെയ്തു. തുടർന്ന് വിലനിർണ്ണയസമിതി യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ 4 8 പുസ്തകങ്ങളുടെ വില നിർണ്ണയിച്ച് അംഗീകരിക്കുകയും ആയത് പരാമർശം (3) പ്രകാരമുള്ള സർക്കാർ ഉത്തരവിലൂടെ പുസ്തക വില അംഗീകരിച്ച് ഉത്തരവാകുകയുമുണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കി പാഠപുസ്തക അച്ചടിക്കായി പൊതുവിദ്യാഭ്യാസ വകുപ്പും, എസ്.സി.ഇ.ആർ.ടി -യും കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സും ചേർന്ന് തയ്യാറാക്കിയ ഉടമ്പടിയുടെ കരട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) സർക്കാർ ഉത്തരവിൽ ഖണ്ഡിക (3) (V) പ്രകാരം "മലയാളത്തിൽ തർജ്ജമ ചെയ്ത് അച്ചടിക്കുന്ന പാഠപുസ്തകങ്ങൾക്ക് റോയൽറ്റി തുകയും പരിഭാഷപ്പെടുത്തുന്നതിനുവന്ന ചെലവുകൾ നികത്തുന്നതുകയും ചേർത്ത്. പാഠപുസ്തകങ്ങളുടെ 15% റോയൽറ്റിയും, ടി തുകയുടെ ജി.എസ്.ടി യും, എസ്.സി.ഇ.ആർ.ടി -ക്ക് ദി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് നൽകേണ്ടതുമാണ്" എന്ന വ്യവസ്ഥ പരാമർശം (2)

പ്രകാരമുള്ള വിലനിർണ്ണയ സമിതിയുടെ 03/09/2021 ലെ യോഗത്തിൽ "എൻ.സി.ഇ.ആർ.ടി യുമായി എസ്.സി.ഇ.ആർ.ടി ഏർപ്പെട്ടിരിക്കുന്ന കരാർ വ്യവസ്ഥകൾ മുൻനിർത്തി മൊത്തം അച്ചടിക്കുന്ന പുസ്തകങ്ങളുടെ 5% റോയൽറ്റിയും, പ്രസ്തുത റോയൽറ്റി തുകയുടെ 12% ജി.എസ്.ടി യും പ്രിന്ററായ, ദി കാലിക്കറ്റ് യൂണിവേഴ്സിറ്റി കോ-ഓപ്പറേറ്റീവ് സെൻട്രൽ സ്റ്റോഴ്സ് എസ്.സി.ഇ.ആർ.ടി - ക്ക് കൈമാറണം" എന്നു തീരുമാനിച്ചിട്ടുള്ളതായും 24/12/2020 തീയതിയിൽ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയ പാഠപുസ്തകങ്ങളുടെ അച്ചടിയുമായി ബന്ധപ്പെട്ട ചേർന്ന പ്രാഥമിക യോഗത്തിൽ എസ്.സി.ഇ.ആർ.ടി ഡയറക്ടർ മുന്നോട്ട് വച്ച 15 % റോയൽറ്റി എന്ന വ്യവസ്ഥ അടിസ്ഥാനമാക്കിയാണ് പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചതെന്നും. വിലനിർണ്ണയ സമിതിയുടെ ചർച്ചയിൽ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ഗുണകരമാകുന്ന രീതിയിൽ റോയൽറ്റി കുറയ്ക്കാൻ സാധിക്കുമോ എന്ന് സമിതി പരിശോധിക്കുകയും മലയാളഭാഷാ പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് കുറച്ചുകൂടി വിലകുറച്ചു നൽകുന്നതിനായി റോയൽറ്റി 5%വും ജി.എസ്.ടി യും എന്ന് തീരുമാനിക്കുകയും വിലനിർണ്ണയ സമിതി ആയത് ഐകകണ്ഠ്യേന അംഗീകരിക്കുകയും ചെയ്തു. ഇപ്രകാരം നിശ്ചയിച്ച 5 % റോയൽറ്റിയും ആയതിന്റെ ജി.എസ്.ടി.യും കൂട്ടായി ചേർത്താണ് പാഠപുസ്തകങ്ങളുടെ വില നിർണ്ണയത്തിനായുള്ള Cost Analysis തയ്യാറാക്കിയിട്ടുള്ളത് എന്നതുകൂടി പരിഗണിച്ച് ഉത്തരവിൽ ഭേദഗതി വരുത്തണമെന്ന് പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തു.

2. മേൽ സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക (3)(V) പ്രകാരം 15% റോയൽറ്റിയും ടി തുകയുടെ ജി.എസ്.ടിയും എന്ന വ്യവസ്ഥ "5 ശതമാനം റോയൽറ്റിയും ആയതിന്റെ ജി.എസ്.ടി യും" എന്നാക്കി ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർസെക്കന്ററി വിഭാഗം) തിരുവനന്തപുരം.
3. ഡയറക്ടർ, SCERT
4. സെക്രട്ടറി, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ലിമിറ്റഡ് നം.4347,കോഴിക്കോട്
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ആഡിറ്റ്), തിരുവനന്തപുരം.

6. ധനകാര്യ വകുപ്പ്
7. ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം
Signed by Namitha T
Date: 06-01-2022 13:23:17
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.പൊതുവിദ്യാഭ്യാസ മന്ത്രിയുടെ പി.എസിന്
പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്-ഹയർസെക്കന്ററി പാഠപുസ്തകം - എസ്.സി.ആർ.ടി പരിഭാഷപ്പെടുത്തിയ 26 വിഷയങ്ങളിലെ 74 ടൈറ്റിലുകളിലുള്ള ഹയർസെക്കന്ററി വിഭാഗത്തിലെ പാഠപുസ്തകങ്ങളുടെ മലയാള തർജ്ജമ അച്ചടിച്ച് വിതരണം നടത്തുന്നതിന് കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

**സ.ഉ.(സാധാ) നം.885/2021/പൊ.വി.വ** തീയതി,തിരുവനന്തപുരം, 01/02/2021

പരാമർശം:- 1 കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ സെക്രട്ടറിയുടെ 26/09/2020ലെ കത്ത്.

2 പൊതു വിദ്യാഭ്യാസ (ഹയർസെക്കന്ററിവിഭാഗം) ഡയറക്ടറുടെ 29/12/2020 ലെ എസിഡിഎസ്.പി.സി (1)/188941/2020/എച്ച്.എസ്.ഇ നമ്പർ കത്തും യോഗനടപടികുറിപ്പും.

3 എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ 19/01/2021 ലെ പ്രോഗ്രാം1/299/എസ്.സി.ഇ.ആർ.ടി. നമ്പർ കത്ത്

<u>ഉത്തരവ്</u>

ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ മലയാളത്തിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചതിൻ പ്രകാരം 26 വിഷയങ്ങളിലായി 74 ടൈറ്റിലുകളിലുള്ള ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി പരിഭാഷപ്പെടുത്തി വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളതാണ്. എന്നാൽ വിവിധ കാരണങ്ങളാൽ നാളിതുവരെയായി പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. ടി ഹയർസെക്കന്ററി പാഠപുസ്തകങ്ങളുടെ മലയാള തർജ്ജമ അച്ചടിച്ച്, സർക്കാർ നിശ്ചയിക്കുന്ന വിലയും മറ്റ് വ്യവസ്ഥകളും കൃത്യമായി പാലിച്ചുകൊണ്ട് വിൽപ്പന നടത്താൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാരിൽ കത്ത് സമർപ്പിച്ചിരുന്നു.

2) പ്രസ്തുത വിഷയത്തിൽ വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിനായി സർക്കാരിൽ നിന്നും പൊതുവിദ്യാഭ്യാസ (ഹയർസെക്കന്ററി വിഭാഗം) ഡയറക്ടർക്കും, എസ്.സിഇ.ആർ.ടി ഡയറക്ടർക്കും നൽകിയ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ വിഭാഗം ഉദ്യോഗസ്ഥർ, പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (അക്കാദമിക്) എന്നിവർ യോഗം ചേരുകയും, പ്രസ്തുത യോഗത്തിന്റെ നടപടികുറിപ്പ് സഹിതം പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറും, പരാമർശം (3) പ്രകാരം എസ്.സി.ഇ.ആർ.ടി. ഡയറക്ടറും ശിപാർശ ചെയ്ത് സർക്കാരിലേക്ക് സമർപ്പിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകളോടെ 26 വിഷയങ്ങളിലായി 74 ടൈറ്റിലുകളിലുള്ള ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. പരിഭാഷപെട്ടുത്തി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച മലയാള തർജ്ജമ

പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് "ദി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർസ് ലിമിറ്റഡ്" നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(i) മലയാള തർജ്ജമ പാഠപുസ്തകങ്ങളുടെ വില നിർണ്ണയം നടത്തുന്നതിന് പ്രത്യേകം സമിതി സർക്കാർ അനുമതിയോടെ രൂപീകരിക്കേണ്ടതാണ്. പ്രസ്തുത സമിതി നിർണ്ണയിക്കുന്ന വില സർക്കാർ അംഗീകാരത്തിനു വിധേയമായി മാത്രമേ പാഠപുസ്തക വിലയായി ഈടാക്കാൻ പാടുള്ളൂ.

(ii) പാഠപുസ്തകത്തിന്റെ പ്രിന്റിംഗ് ക്വാളിറ്റി എസ്.സി.ഇ.ആർ.ടി., പൊതുവിദ്യാഭ്യാസ (ഹയർസെക്കന്ററി) വിഭാഗം എന്നിവർ നിർദ്ദേശിക്കുന്ന നിലവാരത്തിൽ പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്യേണ്ടതും, വിതരണം സ്വന്തം നിലയിൽ തന്നെ പൂർത്തിയാക്കേണ്ടതുമാണ്.

(iii) ആവശ്യമുള്ള പാഠപുസ്തകങ്ങളുടെ ഇൻഡന്റ് പൊതുവിദ്യാഭ്യാസ (ഹയർസെക്കന്ററി) വിഭാഗം ശേഖരിക്കേണ്ടതും ആയത് കൃത്യമായി ദി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോറിനെ അറിയിക്കേണ്ടതുമാണ്.

(iv) മലയാളത്തിൽ തർജ്ജമ ചെയ്ത പാഠപുസ്തകങ്ങളുടെ തുക ഈടാക്കുന്നതിന് നിലവിൽ സി-ആപ്റ്റ് പിന്തുടരുന്ന രീതി തന്നെ പാലിക്കേണ്ടതും, പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്നതും തുക ഈടാക്കുന്നതും സൊസൈറ്റിയും അതാത് പ്രിൻസിപ്പൽമാരും നേരിട്ട് തന്നെ നിർവഹിക്കേണ്ടതുമാണ്. ഇതിൽ വകുപ്പിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഉണ്ടായിരിക്കുന്നതുമല്ല.

(v) മലയാളത്തിൽ തർജ്ജമ ചെയ്ത് അച്ചടിക്കുന്ന പാഠപുസ്തകങ്ങൾക്ക് റോയൽറ്റി തുകയും, പരിഭാഷപ്പെടുത്തുന്നതിന് വന്ന ചെലവുകൾ നികത്തുന്ന തുകയും ചേർത്ത്, പാഠപുസ്തകങ്ങളുടെ 15% റോയൽറ്റിയും, ടി തുകയുടെ ജിഎസ്.ടിയും എസ്.സി.ആർ.ടി.ക്ക് ദി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർസ് നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ് ) കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം.
സെക്രട്ടറി, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർസ് ലിമിറ്റഡ് നം.4347, കോഴിക്കോട്
ധനകാര്യ വകുപ്പ്
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NAMITHA T
Date: 2021.02.02 10:35:56 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.